A

**GI 702**

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ്-7 | കേരളപാഠാവലി | സമയം -2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. *ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്. അതിൽ അഞ്ചെണ്ണത്തിനാണ് ഉത്തരമെഴുതേണ്ടത്.*
2. *വിലയിരുത്തൽ സൂചകങ്ങൾക്കു നൽകിയിരിക്കുന്ന സ്കോർ അനുസരിച്ചാണ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.*
3. *ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5,4,3,2,1 പോയിന്റ് പരിഗണിച്ച് യഥാക്രമം a,b,c,d,e ഗ്രേഡുകൾ നൽകേണ്ടതാണ്.*
4. *ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.*
5. *കുട്ടി ആറു ചോദ്യങ്ങൾക്കും ഉത്തരമെഴുതിയിട്ടുണ്ടെങ്കിൽ മികച്ച സ്കോർ ലഭിച്ച അഞ്ചു ചോദ്യങ്ങളുടെ സ്കോറാകണം ഓവറോൾ ഗ്രേഡ് കണക്കാക്കുമ്പോൾ പരിഗണിക്കേണ്ടത്.*
6. *ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയത്തിനുള്ള ഓവറോൾ ഗ്രേഡ് A,B,C,D,E നൽകണം.*

---

### പ്രവർത്തനം 1 : ആസ്വാദനക്കുറിപ്പ്

**പഠനനേട്ടം**

*കവിതയിലെ സവിശേഷമായ ഭംഗിയും പദപ്രയോഗത്തിന്റെ ഔചിത്യവും കണ്ടെത്തി ആസ്വദിക്കുന്നു.*

**വിലയിരുത്തൽ സൂചകങ്ങൾ :**

- കവിതയിലെ പ്രധാന ആശയം കണ്ടെത്തി എഴുതിയിട്ടുണ്ട്. (1)
- കവിതയിലെ വാക്കുകളുടെയും പ്രയോഗങ്ങളുടെയും സൗന്ദര്യതലം തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട് . (2)
- സ്വന്തം നിലപാടിലൂന്നിനിന്നുകൊണ്ട് കവിത വിശകലനം ചെയ്ത് എഴുതിയിട്ടുണ്ട്. (1)
- മികച്ച തുടക്കം, ഒടുക്കം ഇവ പുലർത്തി ഉചിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട്. (1)

### പ്രവർത്തനം 2 : ഉപന്യാസം

**പഠനനേട്ടം**

*സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുന്നു.*

**വിലയിരുത്തൽ സൂചകങ്ങൾ :**

- വിഷയവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് (2)
- ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിൽ എത്തിക്കാൻ അനുയോജ്യമായ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) പ്രയോഗിച്ചിട്ടുണ്ട്. (1)
- ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (തുടക്കം, പ്രധാന ആശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം) (1)
- വിഷയവുമായി ബന്ധപ്പെട്ട തന്റെ നിരീക്ഷണങ്ങളും നിലപാടുകളും യുക്തി, ഉദാഹരണങ്ങൾ സഹിതം സ്ഥാപിച്ചിട്ടുണ്ട്. (1)

### പ്രവർത്തനം 3 അഭിമുഖ ചോദ്യാവലി

**പഠനനേട്ടം**

***അഭിമുഖം നടത്താനാവശ്യമായ ചോദ്യാവലി തയാറാക്കുന്നു.***

**വിലയിരുത്തൽ സൂചകങ്ങൾ**

- ജീൻ ക്രിസ്റ്റഫിന്റെ ജീവിതവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ അഭിമുഖത്തിൽ നിന്ന് ലഭിക്കത്തക്കവിധം പ്രസക്തമായ ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. (2)
- അഭിമുഖത്തിന് വിധേയനാകുന്ന വ്യക്തിയെ ഗുണാത്മകമായി പ്രതികരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) ഉപയോഗിച്ചിട്ടുണ്ട്. (2)
- ജീൻ ക്രിസ്റ്റഫിനെക്കുറിച്ച് ആഴത്തിലും പരപ്പിലുമുള്ള വിവരങ്ങൾ ലഭിക്കാൻ പാകത്തിൽ വ്യത്യസ്ത തലത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.. (1)

### പ്രവർത്തനം 4 : വിശകലനക്കുറിപ്പ്

**പഠനനേട്ടം**

***രചനാരീതി, സാമൂഹ്യപ്രസക്തി, വൈവിധ്യം എന്നീ സവിശേഷതകൾ പരിഗണിച്ചും സ്വന്തം കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തിയും കവിത വിശകലനം ചെയ്യുന്നു.***

**വിലയിരുത്തൽ സൂചകങ്ങൾ :**

എ.
- പഴയകാലത്തെക്കുറിച്ചും പുതിയകാലത്തെക്കുറിച്ചും കവിതയിൽ പറഞ്ഞിരിക്കുന്ന സൂചനകളെ വിശകലനം ചെയ്ത് പ്രസക്തമായ ആശയങ്ങൾ എഴുതിയിട്ടുണ്ട്. (2)
- വിശകലനം ചെയ്ത ആശയങ്ങൾ ശക്തിയുക്തം അവതരിപ്പിക്കുന്നതിന് അനുയോജ്യമായ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ) ഉപയോഗിച്ചിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും ഉദാഹരണ സഹിതം വ്യക്തമാക്കിയിട്ടുണ്ട് (1)

ബി. തെളിവാനം കരഞ്ഞില്ല; വയൽ പാത്രത്തിൻ (1)

### പ്രവർത്തനം 5 : കഥാപാത്രനിരൂപണം

**പഠനനേട്ടം**

***കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ അവരുടെ സ്ഥാനവും കണ്ടെത്തി കഥാപാത്ര നിരൂപണം നടത്തുന്നു.***

**വിലയിരുത്തൽ സൂചകങ്ങൾ**

- ലൂഷ്യ എന്ന കഥാപാത്രത്തെ വിശകലനം ചെയ്ത് കഥാപാത്രത്തിന്റെ പ്രത്യേകത മറ്റ് കഥാപാത്രങ്ങളുമായുള്ള ബന്ധം തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും ശക്തമായും ആകർഷകമായും അവതരിപ്പിക്കാൻ പറ്റിയ ഭാഷ പ്രയോഗിച്ചിട്ടുണ്ട് (1)
- കഥാപാത്രത്തിന്റെ ശക്തിദൗർബല്യങ്ങൾ, സ്വഭാവം, പെരുമാറ്റം, തുടങ്ങിയവ ഉദാഹരണങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്തിട്ടുണ്ട് (1)
- കഥാപാത്രത്തിന്റെ സാമൂഹികപ്രസക്തി യുക്തിപൂർവം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട് (1)

### പ്രവർത്തനം 6 : പത്രവാർത്ത

**പഠനനേട്ടം**

***മറ്റു വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിച്ച ആശയങ്ങൾ ക്രോഡീകരിച്ച് എഴുതി അവതരിപ്പിക്കുന്നു.***

**വിലയിരുത്തൽ സൂചകങ്ങൾ**

- ബെന്യാമിനുമായി നടത്തിയ അഭിമുഖത്തിൽ നിന്നു ലഭിച്ച വിവരങ്ങളുടെ വിശദാംശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട് (2)
- വായനക്കാരുടെ മനസിൽ തട്ടുംവിധം ആകർഷകവും അനുയോജ്യവുമായ ഭാഷ (1)
- ഉള്ളടക്കത്തിന്റെ സാരാംശം സൂചിപ്പിക്കുന്നതും ആകർഷകവുമായ ശീർഷകം (1)
- വാർത്തയുടെ കാതലായ അംശത്തിൽ തുടങ്ങി വിശദാംശങ്ങളിലേക്ക് പോകുന്ന ഘടന (1)